**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2596** **17-03-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരത്തെ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്‌സ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തെ വേളിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്‌സ് ലിമിറ്റഡ് എന്ന കമ്പനി മുന്നറിയിപ്പില്ലാതെ അടച്ചുപൂട്ടിയതിനെ തുടർന്ന് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അടച്ചുപൂട്ടുന്നതിന് മുന്നോടിയായി നിയമാനുസൃതം സ്വീകരിക്കേണ്ട നടപടികൾ കൈക്കൊണ്ടിരുന്നോ ; സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ കമ്പനി ഇക്കാര്യത്തിൽ പാലിച്ചിട്ടുണ്ടോ ; | (ബി) | 1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 25-FFA പ്രകാരം ഒരു സ്ഥാപനം അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന തീയതിക്ക് ഏറ്റവും കുറഞ്ഞ 60 ദിവസം മുമ്പെങ്കിലും ഫോം-Q നോട്ടീസ് (1949-ലെ വ്യവസായ തർക്ക ചട്ടത്തിലെ റൂൾ-76 ബി പ്രകാരമുള്ള) സർക്കാരിന് നൽകി മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ആയത് മാനേജ്മെന്റ് പാലിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് ആശ്വാസ സഹായം നൽകുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ? | (സി) | M/s.English India Clay Limited എന്ന സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കു ന്നതുമായി ബന്ധപ്പെട്ട English India Clay Factory Employees Union സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചർച്ച നടത്തുകയും നിലവിൽ തോന്നയ്ക്കലിലെ യൂണിറ്റ് നന്നായി പ്രവർത്തിക്കുന്നുണ്ട് എന്നും വേളിയിലെ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലാത്തതുകൊണ്ട് പ്രവർത്തനം ആരംഭിക്കാൻ കാലതാമസം ഉണ്ട് എന്നും കമ്പനി അധികൃതർ അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ലേബർ കമ്മീഷണർ മുമ്പാകെയും ബഹു.തൊഴിൽ വകുപ്പ് മന്ത്രി മുമ്പാകെയും യോഗങ്ങൾ നടത്തിയിട്ടുണ്ട്. തൊഴിലാളികൾക്കുള്ള ഇടക്കാല ആശ്വാസമായി സ്ഥിരം തൊഴിലാളികൾക്ക് 25000/- രൂപയും കരാർ തൊഴിലാളികൾക്ക് 10,000/- രൂപയും രണ്ട് ഗഡുക്കളായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ